یا سلطان

# ഖുത്ബുസ്സമാൻ മാല

لا إله إلا الله محمد رسول الله


قطب الزمان د. الحاج الشيخ
صوفي محمد يوسف سلطان شاه قادري چشتی



قطب الزمان د. الحاج الشيخ صوفي محمد
يوسف سلطان شاه قادري چشتی

# ഖുത്ബുസ്സമാൻ ഡോ. അൽഹാജ് ശൈഖ് സൂഫീ മുഹമ്മദ് യൂസുഫ് സുൽത്താൻ ശാഹ് ഖാദിരീ ചിശ്തീ

വർത്തമാന കാലഘട്ടത്തിനു വിശുദ്ധ കലിമത്തു തൗഹീദിന്റെ ജീവിത സാക്ഷ്യമായി കടന്നു വന്ന മഹാനാണ് ഖുത്ബുസ്സമാൻ ഡോ. അൽഹാജ് ശൈഖ് സൂഫീ മുഹമ്മദ് യൂസുഫ് സുൽത്താൻ ശാഹ് ഖാദിരീ ചിശ്തീ.

ആത്മാവിൽ നിത്യവും അല്ലാഹുവിന്റെ സാന്നിധ്യമുറപ്പിച്ചു നൽകാനും, റബ്ബിന്റെ ഇഷ്ടഭാജനമായ അന്ത്യപ്രവാചകർ (സ്വ) യുടെ തിരുപ്രകാശം മനുഷ്യ ഹൃദയങ്ങളിൽ നിലനിർത്തിക്കൊടുക്കാനുമായി പ്രപഞ്ച സൃഷ്ടാവായ അല്ലാഹുവിന്റെ പ്രതിനിധിയായി നിയോഗിക്കപ്പെട്ടവരാണ് മഹാനായ ഖുത്ബുസ്സമാൻ. മുഹമ്മദ് റസൂലുല്ലാഹി (സ്വ) യുടെ 36-ാമത് പ്രതിനിധിയും മഹാനായ ഗൗസുൽ അഅ്ളം മുഹ്‌യിദ്ദീൻ ശൈഖ് (റ) വിന്റെ 16-ാമത്തെ പിൻഗാമിയുമായി വന്ന ഖുത്ബുസ്സമാൻ മഹാനവർകൾ, ദീനിന്റെ മർമ്മമായ തൗഹീദിനെ ഇന്നത്തെ ജനങ്ങളുടെ വ്യക്തി-കുടുംബ-സാമൂഹ്യ ജീവിതങ്ങളിൽ തിരിച്ചു കൊണ്ടുവന്നു, പഴയ ഇസ്‌ലാമിന്റെ ചര്യ പുനഃസ്ഥാപിക്കുകയുണ്ടായി. ഓരോ ശ്വാസവും ഈമാനിലാക്കിത്തരുന്ന കലിമയുടെ കർമ്മം പരിശീലിപ്പിക്കുന്ന മഹാൻ, അല്ലാഹുവുമായി മനുഷ്യരൊക്കെയും ആലമുൽ അർവാഹിൽ വച്ച് ചെയ്ത കരാർ ഈ ജീവിതത്തിൽ കാമിലായ ശൈഖിൽ ചെന്ന് പുതുക്കിയവർക്ക് പുഞ്ചിരിച്ചു മരിക്കാമെന്നുറപ്പ് നൽകി.

അനേകം മഹാന്മാർ കടന്നുവന്ന വെണ്ണിപ്പറമ്പ് തറവാട്ടിൽ പിറന്ന്, പല ദേശങ്ങളിലായി പരിത്യാഗത്തിന്റെ കഠിന പാതകൾ പലതു പിന്നിട്ട്, വിലായത്തിന്റെ രാജമാർഗ്ഗത്തിലെത്തിയ മഹാനാണ് ഖുത്ബുസ്സമാൻ. മുഅ്മിനീങ്ങളുടെ അജയ്യ കേന്ദ്രങ്ങളായ മദീനാ മുനവ്വറയിലും, ബഗ്ദാദ് ശരീഫിലും, പുണ്യ ബസ്വറയിലും, നജഫുൽ അശ്റഫിലും, അജ്മീർ ശരീഫിലും, ഏർവാടിയിലും ഖുത്ബുസ്സമാൻ മഹാനവർകളെ ആദരിച്ച പൊതുപരിപാടികൾക്ക് പരശ്ശതം ജനങ്ങൾ സാക്ഷിയായി.

മഹാനായ ഖുത്ബുസ്സമാൻ തന്റെ ആത്മീയ സരണിയുടെ തുടർച്ചയിൽ പിൽക്കാല അമരക്കാരനായി മൂത്തമകനായ നാഇബ് ഖുത്ബുസ്സമാൻ ഡോ. ശൈഖ് ഹാജീ നിസാമുദ്ദീൻ സുൽത്താൻ ശാഹ് ഖാദിരീ ചിശ്തീ മഹാനവർകളെയാണ് നിയമിച്ചത്. അന്ത്യയുഗത്തിന്റെ ഖുത്ബായി വന്ന മഹാൻ പിന്നീട് ജനങ്ങൾക്ക് ആത്മീയ മാർഗദർശനം നൽകാൻ അന്ത്യകാലത്തിന്റെ 'മുഹ്‌യിദ്ദീനാ'യി നിയോഗിച്ചവരാണ് മഹാനായ നാഇബ് സുൽത്താൻ. എറണാകുളം ജില്ലയിൽ ആലുവാ കിഴക്കേദേശത്തെ 'ജീലാനീ ശരീഫ്' കേന്ദ്രീകരിച്ച് ഖുത്ബുസ്സമാനും നാഇബ് ഖുത്ബുസ്സമാനും ആഗോള തലത്തിൽ ആത്മീയ സന്ദേശ പ്രചാരണം നടത്തിക്കൊണ്ടിരിക്കുന്നു. ഇന്ന് ഖുത്ബുസ്സമാൻ മഹാനവർകളുടെ വിശുദ്ധ റൗളയും ജീലാനീ മസ്ജിദും നിസാമിയ്യാ ഇൻസ്റ്റിട്യൂട്ടുമടങ്ങുന്നതാണ് കലിമയുടെ കേന്ദ്രമായ 'ജീലാനീ ശരീഫ്'.

ഖുത്ബുസ്സമാന്റെയും നാഇബ് മഹാന്റെയും സത്യസന്ധരായ മുരീദുമാരിൽ ഉൾപ്പെടുത്തി നമ്മെയെല്ലാം റബ്ബ് അനുഗ്രഹിക്കട്ടെ, ആമീൻ.



**സന്ദേശം**

## നാഇബ് ഖുത്ബുസ്സമാൻ
## ഡോ. ശൈഖ് ഹാജി നിസാമുദ്ദീൻ
## സുൽത്താൻ ശാഹ് ഖാദിരീ ചിശ്തീ

**വി**ശുദ്ധ തൗഹീദിനെ സമ്പൂർണ്ണമായി ജീവിച്ചു കാണിച്ചു തന്ന നമ്മുടെ മഹാൻ ഖുത്ബുസ്സമാന്റെ അനശ്വരമായ ആത്മീയ മാർഗമാണ് 'ഖുത്ബുസ്സമാൻ മാല' ഉൾക്കൊള്ളുന്നത്. ആത്മാർത്ഥതയോടെ പിന്തുടരുന്ന ഓരോ വ്യക്തിക്കും ജീവിതത്തിലും മരണത്തിലും വഴിവിളക്കാണ് ഖുത്ബുസ്സമാൻ. ജനങ്ങൾക്കൊക്കെയും സന്മാർഗമായി അല്ലാഹു നിയോഗിച്ച്, തിരുറസൂലും (സ്വ) മഹാന്മാരും അനുഗ്രഹിച്ച് അന്ത്യസമാനിന്റെ ഖുത്ബായി വന്ന മഹാനായ ഖുത്ബുസ്സമാന്റെ പദവികളോർത്തു വാഴ്ത്താനും ചര്യ പിന്തുടരാനും 'ഖുത്ബുസ്സമാൻ മാല'യുടെ പാരായണം ഉപകരിക്കുന്നതാണ്.

**ഇ**തൊരു പ്രാർത്ഥനയാണ്. നമ്മുടെ ഉപ്പച്ചി മഹാൻ നിത്യവും പാടിക്കേൾക്കുന്ന ഈ മാല സത്യസന്ധതയോടെ ചൊല്ലുന്ന ഓരോ വ്യക്തിക്കും രക്ഷയും ശമനവും മാർഗ്ഗദർശനവുമാണ്. മുരീദുമാർക്ക് ആത്മീയ വെളിച്ചവും ആഗ്രഹ സഫലീകരണവുമാവുന്ന 'ഖുത്ബുസ്സമാൻ മാല' പതിവാക്കുന്നവർക്ക് മഹാനിൽ അടിയുറച്ചു നീങ്ങാനുള്ള കരുത്തും പൈശാചിക ഉപദ്രവങ്ങളിൽ നിന്നുള്ള കാവലും ഉറപ്പിക്കാൻ സാധിക്കുന്നതാണ്. കുടുംബങ്ങളിൽ നിന്നും ശൈത്താനെ തുടച്ചുനീക്കാൻ വീടുകളിൽ 'ഖുത്ബുസ്സമാൻ മാല' പതിവായി പാരായണം ചെയ്യുക.

**ജീ**വിതത്തിൽ ഓരോ ശ്വാസവും ആരാധനയിലാക്കി മാറ്റി പുഞ്ചിരിയോടെ മരിക്കാൻ ഓരോ മനുഷ്യനെയും പ്രാപ്തമാക്കുന്ന പരിശീലന പദ്ധതിയിലേക്കാണ് മഹാൻ സമൂഹത്തെ ക്ഷണിച്ചു കൊണ്ടിരിക്കുന്നത്. എല്ലാ ജനങ്ങൾക്കും ഇഹത്തിലും പരത്തിലും രക്ഷയും വിജയവും ഉറപ്പു നൽകുന്ന, അന്ത്യനാൾ വരെ നിലനിൽക്കുന്ന ഖുത്ബുസ്സമാന്റെ ആ മഹത്തായ മാർഗവും സന്ദേശവുമാണ് നാം പിൻതുടരുന്നതും കൈമാറുന്നതും.

**അ**ല്ലാഹുവിനോടുള്ള കരാർ പുതുക്കിയവർക്ക് ഇരുലോകത്തും വിജയം ഉറപ്പു തരുന്ന ഖുത്ബുസ്സമാന്റെ മഹിത പാതയിലെത്താനും, അന്ത്യം വരെ ആ ഈമാനിൽ ഉറച്ചു നിൽക്കാനും 'ഖുത്ബുസ്സമാൻ മാല' മുതൽക്കൂട്ടാകുമെന്നതിൽ സംശയമില്ല. റബ്ബിന്റെ തൗഫീഖുണ്ടാവട്ടെ.

# കുറിപ്പ്

എറണാകുളം ആലുവാ 'ജീലാനീ ശരീഫി'ലെ ഖുത്ബുസ്സമാന്റെ റൗളയിൽ, മഹാനായ നാഇബ് ഖുത്ബുസ്സമാന്റെ അനുഗ്ര ഹത്തോടെ ദിവസവും വൈകുന്നേരത്തെ സിയാറത്തിൽ 'മുറാദീ' ബൈത്തിനൊപ്പം ചൊല്ലുന്ന പ്രാർത്ഥനാ കാവ്യമാണ് നിങ്ങളുടെ കയ്യി ലിരിക്കുന്ന 'ഖുത്ബുസ്സമാൻ മാല'.

കാലഘട്ടത്തിന്റെ ഗുരുവായി കടന്നു വന്ന ഖുത്ബുസ്സമാൻ മഹാന വർകളുടെ പരിശുദ്ധ കുടുംബ പരമ്പരയും, തിരുപ്പിറവിയും, മാതൃകാ ജീവിതവും, മഹത്തായ ദൗത്യവും, ആത്മീയ സന്ദേശവും സംക്ഷിപ്ത മായി പദ്യ രൂപത്തിൽ വിവരിക്കുന്നതാണ് 'ഖുത്ബുസ്സമാൻ മാല'. ചരിത്രകാരനായ ശൈഖ് പ്രൊഫ. കൊടുവള്ളി അബ്ദുൽ ഖാദിർ രചിച്ച 'മാല'യുടെ ജീലാനീ ട്രസ്റ്റ് പുറത്തിറക്കുന്ന പുതിയ പതിപ്പാണിത്.

ഒരു ചരിത്ര ഗ്രന്ഥമെന്നതിനേക്കാൾ, മൗലിദും മനാഖിബുമായ 'ഖുത്ബുസ്സമാൻ മാല' പരിപൂർണ്ണ അദബോടെ ചൊല്ലേണ്ട 'പ്രാർത്ഥന' യാണ്. ബൈത്തും മാലയും ഇരവുമടങ്ങുന്ന ഈ പുണ്യ ഗ്രന്ഥം പവി ത്രതയോടെ മാത്രം കൈകാര്യം ചെയ്യാൻ ശ്രദ്ധിക്കണം. ഖുത്ബുസ്സമാൻ സമകാലിക ലോകത്തെ വഴിനടത്തിയ ആത്മ സംസ്ക്കരണ സരണിയുടെ നേർച്ചിത്രവും കാവ്യസാക്ഷ്യവുമായ 'ഖുത്ബുസ്സമാൻ മാല', സത്യ സന്ധതയോടെയും ആത്മാർത്ഥതയോടെയും ചൊല്ലുന്നവർക്ക് ഇഹപര ജീവിതത്തിലെ എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരവും സമാധാന മാർഗവുമാണ്.

ഖുത്ബുസ്സമാൻ മഹാനവർകൾ തുറന്നു വച്ച ആത്മീയ രക്ഷയുടെ വാതിലിലെത്തി വിജയം വരിക്കുകയാണ് ജീവിത ലക്ഷ്യം. ഖാദിരീ-ചി ശ്ത്തീ സൂഫി മാർഗത്തിൽ മഹാനായ ഖുത്ബുസ്സമാൻ നിയോഗിച്ച പകര ക്കാരനായ നാഇബ് ഖുത്ബുസ്സമാൻ ഡോ. ശൈഖ് ഹാജീ നിസാമുദ്ദീൻ സുൽത്താൻ ശാഹ് ഖാദിരീ ചിശ്തീ മഹാന്റെ അനുഗ്രഹം നമ്മെ ആ ലക്ഷ്യത്തിലെത്തിക്കട്ടെ. മഹാന്മാരുടെ മാർഗ്ഗത്തിൽ അടിയുറച്ചു നീങ്ങി പുഞ്ചിരിച്ചു മരിക്കാൻ റബ്ബ് തൗഫീഖ് ചെയ്യട്ടെ. ഈ ഉദ്യമം റബ്ബ് തൃ പ്തിപ്പെട്ട ഒരു സ്വാലിഹായ അമലായി സ്വീകരിക്കട്ടെ, ആമീൻ.

**ജീലാനീ ട്രസ്റ്റ്**

بسم الله الرحمن الرحيم

# ഖുത്ബുസ്സമാൻ മാല

**ബി ഖുത്ബിസ്സമാനി വ ഖുത്ബിൽ അഖ്താബി**
**വന്നബീ വൽ ആലി സല്ലിംനാ യാ അല്ലാഹ്**
**മദദീ യാ സുൽത്താനീ യാ ഖുത്ബസ്സമാനീ**
**ശൈഖീ വ യാ ഗൗസീ ഇന്ദൽ ബലിയ്യാത്തീ**

**സ്വല്ലല്ലാഹ് സുൽത്താന്റെ നൂറിൽ സലാമുള്ളാഹ്**
**സയ്യിദൽ അമ്പിയാ ഖുദ്നാ ബി അയ്ദീനാ**
**റളിയള്ളാഹ് സുൽത്താന്റെ ശൈഖിൽ സവാബള്ളാഹ്**
**ഖുത്ബുസ്സമാനോരെ അദ്രിക്നാ അദ്രിക്നാ**

ബിസ്മില്ലാഹി ചൊല്ലി അൽഹംദു ലില്ലാഹി
അലാ നബിയ്യിനാ സ്വല്ലി സലാമുല്ലാഹ്

ആദ്യം പടൈത്തത് നൂറ് നബിയുല്ലാഹ്
സകലം പടൈത്തത് ആ നൂറിലെന്നോവർ

ആകെത്തിളങ്കിയെ ലങ്കി വിളങ്കിയെ
കത്തും വിളക്കായി മക്കത്തുദിത്തോവർ

അവരുടെ ഹുബ്ബിനെ ഖൽബകം വെച്ചാരെ
റബ്ബിന്റെ തൗഫീഖാൽ ഇതിനെക്കുറിത്തോവർ

അങ്ങനെ തന്നെയും അസ്ഹാബ് തന്നിലും
അഹ്ലു ബൈത്തവരിലും രിളയെക്കൊതിച്ചോവർ

ശൈഖ് അബ്ദുൽ ഖാദിരി കൈലാനിയെന്നോരെ
ശരിയായ ദിശയും കൊതിത്ത് കുറിത്തോവർ

ഖാദിരി മാർഗ്ഗത്തിൽ വന്നുള്ള ശൈഖന്മാർ
അവരുടെ ഖദമിനെ മുത്തി മൊഴിഞ്ഞോവർ

ശരിയായ മാർഗത്തെ കാട്ടിയടുത്തോവർ
ശൈഖുനാ യൂസുഫ് സുൽത്താനതെന്നോവർ

അന്ത്യസമാനിന്റെ ഖുത്ബായി വന്നോവർ
മുന്തിയ ദറജകൾ അല്ലാഹ് കൊടുത്തോവർ

ഇൽമിന്റെ സിർറുകൾ നന്നായറിഞ്ഞോവർ
ഇരവും പകലിലും അതിലായ് കഴിഞ്ഞോവർ

സുൽത്താന്റെ വംശത്തിൻ വേരുകൾ നോക്കിയാൽ
സത്യം മദീനത്തിൽ കണ്ടെത്തും എന്നോവർ

പോരിശപ്പെട്ടോരെ നിസ്ബയിൽ വന്നോവർ
പരിശുദ്ധ ദേശത്ത് വംശം അതെന്നോവർ

മഹനീയ സോദരർ നാല് പേരൊന്നായി
സഫീന കയറിയ ചരിതം അതെന്നോവർ

റൗളാ ശരീഫിന്റെ മണ്ണിൽ വസിച്ചോവർ
മലയാള മണ്ണിനെ തേടിയണഞ്ഞോവർ

കൊച്ചിയിലെത്തിയെ കപ്പലിറങ്ങിയെ
കാഴ്ചകളെമ്പാടും കണ്ട് തരിച്ചോവർ

ദീനിന്റെ നൂറുമായ് നീളെ നടന്നോവർ
ദിക്കുകൾ നാലിലും നിലനെയെടുത്തോവർ

പാനായിക്കുളത്തും തൊടുപുഴ തന്നിലും
പെരുമുറ്റം ദേശത്തും അവരെത്തിയെന്നോവർ

എത്തിയ നാടുകൾ ഏറെ പൊലിവായി
എവിടെയും ദീനിൻ വെളിച്ചം നിറച്ചോവർ

കണ്ണായെ സയ്യിദ് മുഹമ്മദ് അതെന്നോവർ
വെണ്ണിപ്പറമ്പിന്റെ മണ്ണിലണഞ്ഞോവർ

ദിജ്‌ല പോലൊഴുകുന്ന നഹ്റിനെ കണ്ടോവർ
ദറജകൾ പലതും വരുമെന്ന് കണ്ടോവർ

പിരിശത്തിലാളുകൾ ചാരത്തണഞ്ഞോരെ
പരിശുദ്ധ ദീനിന്റെ കാര്യം പറഞ്ഞോവർ

ദീനങ്ങൾ മാറ്റിയും ദുരിതങ്ങൾ നീക്കിയും
സയ്യിദവർക്കുള്ള അഭയം അതെന്നോവർ

നന്മയിലെത്തുവാൻ ഓടിയണഞ്ഞോർക്ക്
നന്നായി കലിമായെ ചൊല്ലിക്കൊടുത്തോവർ

വെണ്ണിപ്പറമ്പിന്ന് നിക്കാഹ് ചെയ്തോവർ
വെൺമ നിറഞ്ഞുള്ള സൗജത്തതെന്നോവർ

അറിവാളന്മാരേറെ വന്നുള്ള വംശത്തിൽ
അറിവാളൻ അഹ്മദ് പിള്ള അതെന്നോവർ

മഹാനർ സൗജത്ത് ഫാത്തിമയെന്നോവർ
അവരുടെ മകനായി ശൈഖുനാ വന്നോവർ

ലൈലത്തുൽ ഖദ്റുള്ള ശഹ്റു റമളാനിൽ
ലൈലത്തുൽ ജുമുഅ്ആയിലായി ജനിച്ചോവർ

ബദ്റിന്റെ രാവിൽ പിറവിയെടുത്തോവർ
ബദ്റിന്റെ പോരിശ ഏറെപ്പറഞ്ഞോവർ

പിറവി ദിനത്തിൽ അതിശയം പലതുണ്ട്
പിറവിയിൽ പിന്നെയും അജബുകൾ എന്നോവർ

ഉമ്മായിൽ നിന്നാദ്യം ഖിസ്സകൾ കേട്ടോവർ
ഉപ്പായിൽ നിന്നാദ്യം ഓതിപ്പഠിച്ചോവർ

ഉപ്പാപ്പമാർക്കുള്ള ദറജകളെമ്പാടും
ഉപ്പായിൽ നിന്നിട്ട് തന്നെയറിഞ്ഞോവർ

അവരെപ്പോലാകുവാൻ അന്നേ കൊതിച്ചോവർ
അതിനുള്ള അറിവുകൾ ഏറെ പഠിച്ചോവർ

അവർക്കുള്ള ഫാതിഹ യാസീൻ അതൊക്കെയും
ആദത്തായി കൊണ്ട് നടന്ന് വളർന്നോവർ

അമലും അദബും അതൊക്കെ അറിഞ്ഞോരെ
അറിയാത്ത ഇൽമിന്നായി സഫറ് നിനച്ചോവർ

ആദ്യം ശരീഅത്തും പിന്നെ ത്വരീഖത്തും
അന്ത്യം ഹഖീഖത്തും എത്തി അതെന്നോവർ

സുബ്ഹാനവൻ തന്നെ ശൈഖിനെ നൽകിയെ
സൂഫി ഫഖ്റുദ്ദീൻ മൗലാന യെന്നോവർ

മൈതാനി മധ്യത്തിൽ നാൽപത് രാവുകൾ
മഹനീയർ ദിക്റിലായി തന്നെ കഴിഞ്ഞോവർ

അലിയ്യുൽ മുർതളാ അവർ മുമ്പിൽ വന്നാരെ
അജബായ കാര്യങ്ങൾ പലതും പറഞ്ഞോവർ

ഖിള്റോരെ  കിട്ടുവാൻ നാൽപത് രാവുകൾ
ഹാജല്ലീ തീരത്ത് ദിക്റിൽ കഴിഞ്ഞോവർ

ബഹ്റിന്റെ തീരത്ത് രാവുകൾ തീർത്തിട്ട്
തിരിഞ്ഞ് നടക്കുമ്പോൾ ഖിള്റോരെ കണ്ടോവർ

മൈതാനി മധ്യത്തും ബഹ്റിന്റെ തീരത്തും
മന്നാനെ തേടിയാൽ കിട്ടില്ലായെന്നോവർ

അല്ലായെ ക്കിട്ടുവാൻ കാട്ടിൽ കയറണം
അല്ലൽ മശഖത്ത് ഏറും അതെന്നോവർ

ഒരുവനെ കിട്ടുവാൻ ഉറക്കം വെടിയേണം
ഒറ്റക്കിരുന്നിട്ട് തേടണം എന്നോവർ

ബഹുമാനർ ചൊല്ലിയെ വാക്കുകൾ കേട്ടാരെ
ബാണ്ടൂപ്പ് മലയിലേക്കന്ന് തിരിച്ചോവർ

ഇട തൂർന്നു നിൽക്കുന്ന വനത്തിൽ പതറാതെ
ഇടറാത്ത പാദത്തിൽ നേരെ നടന്നോവർ

ഗൈബെല്ലാമറിയുന്ന റബ്ബിന്റെ കാരുണ്യം
ഗയ്ബൻഷാ ഖോജാന്റെ ഖബറിങ്ങൽ ചെന്നോവർ

അരികിൽ തിളങ്ങുന്ന നയനങ്ങൾ കണ്ടിട്ടും
നരിയെന്നറിഞ്ഞിട്ടും ദിക്ക്റിൽ ഇരുന്നോവർ

നരികൾ പുലികളും പാമ്പുകൾ പല ജാതി
നേരം ഇരുട്ടിയാൽ അവർ ചുറ്റും ഉള്ളോവർ

റൗളാ ശരീഫിന്ന് വിളിയാളം കേട്ടോവർ
ഉളരി നടന്നും പറന്നും അണഞ്ഞോർ

വാതിൽ തുറന്നെന്നും ഖബറിങ്ങൽ ചെന്നെന്നും
ചൊല്ലി സലാമെന്നും കണ്ട് തെളിഞ്ഞോവർ

ആറ്റൽ നബിയുല്ലാഹ് കൂട്ടിപ്പിടിച്ചാരെ
അങ്ങോട്ടണഞ്ഞിട്ട് മുത്തി മണത്തോവർ

പുന്നാര പ്പൂമുത്ത് ചൊല്ലിയതൊക്കെയും
പിൽക്കാലം ഹഖായി പുലർന്നെന്നു കണ്ടോവർ

സുൽത്താനുൽ ഹിന്ദിന്റെ സന്ദേശം വന്നാരെ
സുൽത്താന്റെ ഹള്റത്തിൽ ഓടിയണഞ്ഞോവർ

ചോദിച്ചു കൊള്ളണം വേണ്ടുന്നതൊക്കെയും
ചോദിച്ചതൊക്കെയും കിട്ടി അതെന്നോവർ

അജ്മീറ് രാജ്യത്തെ അജബുകളൊക്കെയും
ഖ്വാജാ പറഞ്ഞിട്ട് കേട്ട് പഠിച്ചോവർ

എല്ലാ വഴികളും കൊട്ടി അടയുമ്പോൾ
എപ്പോഴും ഖ്വാജാടെ വഴിയിൽ ഞാനെന്നോവർ

സൂഫീ ഫഖ്റുദ്ദീൻ തന്നുടെ ശൈഖിനെ
കാണാനായ് രാംപൂരിലേക്ക് അയച്ചോവർ

സയ്യിദ് അഹ്മദ് ജമാലുദ്ദീൻ എന്നോവർ
ശൈഖന്മാർക്കിടയിലെ ബാദുഷാ യെന്നോവർ

പുണ്യ ബാഗ്ദാദിൽ പിറവിയെടുത്തോവർ
പിൽക്കാലം രാംപൂരിൽ ശൈഖായി വന്നോവർ

നമ്മുടെ ശൈഖുനാ രാംപൂരിൽ ചെന്നിട്ട്
നന്നായിട്ടവരുടെ ഖിദ്മത്തിലായോവർ

ഉമ്മാക്ക് ദീനം പിടിച്ചെന്നറിഞ്ഞാരെ
ഉടനെ പുറപ്പെടാൻ ശൈഖ് നിനച്ചോവർ

കൂട്ടത്തിൽ പോകുവാൻ ഏറെ കൊതിച്ചാരെ
കൂട്ടായി പ്പോകുവാൻ ശൈഖ് പറഞ്ഞോവർ

സുൽത്താനുൽ ഔലിയ ഹള്റത്തിൽ ചെന്നോവർ
സകല നസ്വീബിന്നും സബബായി എന്നോവർ

സുൽത്താൻ മുഹ്യിദ്ദീൻ കൺമുമ്പിൽ വന്നിട്ട്
ശിരസിൽ കൈ വച്ചിട്ട് തൊട്ട് വിളിച്ചോവർ

സൂഫീ മുഹമ്മദ് യൂസുഫ് സുൽത്താനായി
ഗൗസിന്റെ ഹള്റത്തിൽ വിളിയാളം കേട്ടോവർ

സുബ്ഹിക്ക് ശൈഖ് വിളിക്കുന്നു കണ്ടപ്പോൾ
യൂസുഫ് സുൽത്താൻ അതെല്ലാരും കേട്ടോവർ

പിന്നെ വലികളും ശൈഖന്മാരെല്ലാരും
പിരിശത്തിൽ വിളിയായി സുൽത്താൻ അതെന്നോവർ

അന്ത്യ സമാനിലെ ശൈഖന്മാർക്കൊക്കെയും
മുന്തിയ സുൽത്താനായ് വാഴും നീ എന്നോവർ

ബഗ്ദാദിൽ കഴിയുന്ന നാളുകൾ പലതിലും
ബഹുമാനർ ജീലാനി മസ്ജിദിൽ ചെന്നോവർ

ജീലാനി മസ്ജിദ് മലയാള നാട്ടിലും
ഹാജത്ത് വന്നുപോയ് ഖൽബിൽ അതെന്നോവർ

ഒരു കാലം വന്നപ്പോൾ ഹാജത്തും നിറവേറി
ഒന്നല്ല രണ്ടായി മസ്ജിദ് അതെന്നോവർ

ഹാജി മലങ്കിലെ ബാവായെ കാണാനായ്
ജബലിന്റെ ഉച്ചിയിലേക്ക് നടന്നോവർ

ദേവിപ്പാടും കണ്ട് പാഞ്ച്പീറും കണ്ട്
ബാലൻസാറിൽ ചെന്ന് അജബിലിരുന്നോവർ

ഗോഡാവാലാ തങ്ങൾ അദബോടെ ചെന്നപ്പോൾ
ഗമയിലിരിക്കുന്ന സിംഹത്തെ കണ്ടോവർ

സയ്യിദർ നൽകിയ ഖുബ്സിന്റെ നിസ്ഫിനെ
അസദിന്ന് തീറ്റി കൊടുത്തതും കണ്ടോവർ

നരിമട തന്നിലിരിക്കുന്ന കാലത്ത്
പലതരം ജന്തുക്കൾ അവർ ചുറ്റുമുള്ളോവർ

കല്യാണിൽ പോവാനും മസ്ജിദിൽ ചേരാനും
കുല്ലും പഠിക്കാനും ബാവ പറഞ്ഞോവർ

പൊന്നാനി ബാപ്പുട്ടി മുസ്‌ല്യാർ അതെന്നോവർ
പുകൾപ്പെറ്റ സുൽത്താന്റെ ഉസ്താദായി വന്നോവർ

സൂഫികൾ ലോകത്തെ സൗരഭ്യമായോവർ
സുൽത്താന്റെ പോരിശ നന്നായറിഞ്ഞോവർ

മിശ്ക്കാത്തും തഫ്സീറും മറ്റു കിതാബുകൾ
അതിശയ വേഗത്തിൽ ഓതിക്കഴിഞ്ഞോവർ

ഇഹ്‌യാഇൽ പറയുന്ന ഇൽമുകളൊക്കെയും
സുൽത്താന് കിട്ടിക്കഴിഞ്ഞെന്ന് ചൊന്നോവർ

ടിറ്റ്വാളിൽ പോവാനും ഗ്രന്ഥങ്ങൾ നോക്കാനും
ഹാജി മലങ്കിലെ ബാവ പറഞ്ഞോവർ

അവിടത്തെ മസ്ജിദിലുള്ളവരൊക്കെയും
ബാവായെ സ്വപ്നത്തിൽ കണ്ട് ധരിച്ചോവർ

മസ്ജിദിലെത്തിയെ മിഫ്ത്താഹും കിട്ടിയെ
ഫത്ഹിന്റെ ഇൽമാലെ ഖൽബ് നിറച്ചോവർ

സുൽത്താൻ ബാവായെന്ന് കേളി മികച്ചോവർ
സകലർക്കുമവരന്ന് ബാവായായ്ത്തീർന്നോവർ

അവശന്മാരഗതികൾ രോഗികൾ വരവായി
ബാവാ അവർക്കെല്ലാം ശിഫ നൽകി വിട്ടോവർ

ശൈത്താന്റെ ശർറിനാൽ സകലം നശിച്ചവർ
സുൽത്താനെ കണ്ടിട്ട് പൊട്ടിക്കരഞ്ഞോവർ

കൂടിയ ജിന്നും പിശാചിന്റെ ശർറിനാൽ
കൂട്ടു കുടുംബം തകർന്നെന്ന് ചൊന്നോവർ

ബിസിനസ് പോയവർ സിഹ്റ് ബാധിച്ചവർ
ബാവായെ ക്കണ്ടിട്ട് സങ്കടം ചൊന്നോവർ

കൊടിയ പിശാചിനെ ഓടിച്ചു വിട്ടോവർ
കൂടും മുസീബത്ത് നീക്കി അയച്ചോവർ

അലിവുള്ള ബാവായെ കണ്ടവരൊക്കെയും
ആശ്വാസം കണ്ട് മടങ്ങി അതെന്നോവർ

ഏറെ കറാമത്ത് കാട്ടിയ കാലത്ത്
നാടും നഗരവും അവരെ അറിഞ്ഞോവർ

വേഷങ്ങൾ കെട്ടിയ തട്ടിപ്പു വീരന്മാർ
ബാവായെ ക്കണ്ടിട്ട് ഓടി മറഞ്ഞോവർ

വ്യാപാരം പൊട്ടിയേ നഷ്ടങ്ങൾ കൂടിയേ
അവരുടെ നിലയെ ഉയർത്തി അയച്ചോവർ

ഉല്ലാസ് നഹ്റിന്റെ തീരത്തെ ജങ്കലിൽ
ഉരിയാടാ സൗമിന്നായി ചൗപ്പടാ തീർത്തോവർ

ബാവായെ ക്കാണുവാൻ പലരും വരവായി
വന്നവർ കാര്യങ്ങൾ കുറിത്ത് കൊടുത്തോവർ

ഇഴയുന്ന ജീവികൾ കാട്ടിലെ ജന്തുക്കൾ
ഇവകളെ ക്കണ്ടിട്ട് അജബായി വന്നോവർ

ഒരു കൂട്ടർ വന്നിട്ട് ചൗപ്പടാ കത്തിച്ച്
ബാവായെ പിടികൂടാൻ ചാടിയടുത്തോവർ

'യാ അലീ' വിളിയോടെ നദിയിലേക്കൊരു ചാട്ടം
എങ്ങോട്ടെന്നില്ലാതെ നീന്തിയകന്നോവർ

ശിവാപൂർ മസ്ജിദിൽ ഖത്തീബായി വന്നോവർ
ശുഹ്റത്തിലായതും അങ്ങിനെ എന്നോവർ

മിമ്പറിൽ നിന്നിട്ട് ഖുത്വുബ നടത്തുമ്പോൾ
മഹനീയർ ഇരുപേരും ഹാളിറായ് കണ്ടോവർ

സയ്യിദ് മുഹമ്മദ് ബാദ്ഷാഹ് യമനിയും
സഹചാരി മദാർ ശാഹ് ഖാദിരി എന്നോവർ

അന്നത്തെ ലൈലത്തിൽ ബൈഅത്തതെന്നോവർ
ഔന്നത്യം എത്തിയ ലൈലത്തതെന്നോവർ

ഖമറലി ദർവേശിൻ മഖ്ബറ പോകുവാൻ
ഖാജാമാർ പലരും പറഞ്ഞെന്നും ഓർത്തോവർ

അക്കാര്യം ഫിക്റായി നാളുകൾ നീങ്ങുമ്പോൾ
കാര്യങ്ങൾ മുറപോലെ വന്നതും കണ്ടോവർ

സയ്യിദ് മുഹമ്മദ് ബാദ്ഷാഹ് ശൈഖിനെ
കാണാനായ് പലവട്ടം വാഡിയിൽ പോയോവർ

ഇൽമിന്റെ ബാബുകൾ മഫ്ത്തൂഹായ് കിട്ടുവാൻ
ഇറയോൻ വിധിയാലെ തൽഖീൻ തുറന്നോവർ

ഉമ്മായെ ക്കാണാനും ഉറ്റോരെത്തേടാനും
ഉടനെ സഫറിന്ന് കൽപ്പന വന്നോവർ

തിടുക്കത്തിലവിടന്ന് സഫറ് പുറപ്പെട്ട്
താടി ജടയായി ബൈത്തിലണഞ്ഞോവർ

പലരെയും കണ്ടിട്ട് പിന്നെയും പോയോവർ
പല പല ദേശങ്ങൾ ചുറ്റി നടന്നോവർ

അറിവാളന്മാരെയും തേടി നടന്നോവർ
അതിലായി പ്പതിനെട്ട് കാലം കഴിച്ചോവർ

വാഡീ ശരീഫിന്ന് ഖിർഖ ധരിച്ചോവർ
ഖാദിരി മാർഗ്ഗത്തിൽ ഖലീഫ ആയോവർ

സുൽത്താനുൽ ഔലിയാ മുഹ്യിദ്ദീൻ എന്നോവർ
സുൽത്താനാം ബാവയെ ഖുത്ബാക്കി വെച്ചോവർ

പലരും മുരീദാവാൻ കൊതിയോടെ വന്നാരെ
അവർക്കെല്ലാം ചൊല്ലാനായ് വചനം കൊടുത്തോവർ

അവയെല്ലാം കേട്ടോവർ അദദുകൾ തീർത്തോവർ
അവർക്കെല്ലാം ബൈഅത്ത് നന്നായ് കൊടുത്തോവർ

ദാമ്പത്യം വേണ്ടെന്ന് ചൊല്ലി നടക്കും നാൾ
മഹ്ബൂബെ ഇലാഹീ ഖൗലിനെ കേട്ടോവർ

ആദ്യത്തെ കൺമണി മോനെന്ന് കേട്ടാരെ
ആണെങ്കിൽ ഇസ്മ് നിസാമുദ്ദീൻ എന്നോവർ

അന്ത്യത്തിൽ വന്നുള്ള മുഹ്‌യിദ്ദീൻ എന്നോവർ
അന്ത്യം അതിൽപ്പിന്നെ മഹ്ദീ അതെന്നോവർ

സുൽത്താന്റെ വാക്കുകൾ കേട്ടവരൊക്കെയും
സകല തലത്തിലും വിജയിക്കും എന്നോവർ

അവരുടെ വാക്കുകൾ തള്ളിക്കളഞ്ഞോർക്ക്
ഏറെ മശഖത്ത് വന്നിടും എന്നോവർ

അവരെ വെറുത്തോർക്കും വഴിയെ പഴിച്ചോർക്കും
അധികം മുസ്വീബത്ത് വന്നിടും എന്നോവർ

ഖൽബിന്റെ ദിക്റുകൾ ആദത്തായ് ചൊന്നോർക്ക്
ഖൽബിന്റെ ദോഷങ്ങൾ പോവും അതെന്നോവർ

ജല്ലാ ജലാലല്ലാഹ് തൗഫീഖ് വന്നാരെ
ജീലാനീ ശരീഫ് നന്നായ് പണിതോവർ

ദറജകളേറിയ ഖ്വാജാക്കളൊക്കെയും
ജീലാനീ ശരീഫിൽ ഹാളിറായ് കണ്ടോവർ

ആകെ തഹയ്യറായ് പാഞ്ഞ് വരുന്നോർക്ക്
ആശ്വാസം നൽകാനായി കൊടിമരം തീർത്തോവർ

ആശിച്ച് കൊടിമരത്തണലിൽ വരുന്നോർക്ക്
ആകെയും റാഹത്താണെന്ന് പറഞ്ഞോവർ

ഇവിടത്തെ മജ്ലിസിൽ എത്തുന്നോരൊക്കെയും
ഇറയോന്റെ റഹ്മത്തിലാണെന്ന് ചൊന്നോവർ

അവരുടെ ദിക്റുകൾ സ്വലവാത്തതൊക്കെയും
അഹദായ റബ്ബ് ഖബൂലാക്കുമെന്നോവർ

കത്തും മുസ്വീബത്തിൽ പെട്ട് വലഞ്ഞോർക്ക്
എത്തിയ ശർറുകൾ നീക്കിക്കൊടുത്തോവർ

ശൈത്താന്റെ ശർറുകൾ കൊടുമയിൽ വന്നോർക്ക്
ദുഷ്ക്കങ്ങൾ നീക്കി സുഖം നൽകി വിട്ടോവർ

മഹാനർ നന്നായി ഒരു നോക്ക് നോക്കിയാൽ
മാരക രോഗങ്ങൾ മാറിടും എന്നോവർ

ഖൽബകത്തുള്ളത് കാണും ഞാനെന്നോവർ
ഖബറിലെ ഹാലുകൾ അറിയും ഞാനെന്നോവർ

മതിലുകൾ മറയായി നിൽക്കില്ല എന്നോവർ
മനുഷ്യൻ അറിയാത്ത ആള് ഞാനെന്നോവർ

ചത്ത മനസ്സിന്ന് ചലനം കൊടുത്തോവർ
ചാരത്തണഞ്ഞോർക്ക് വിജയം കൊടുത്തോവർ

തൗഹീദാണീമാനിൻ കാതൽ അതെന്നോവർ
തൗഹീദുറപ്പിച്ച് വെച്ച് കൊടുത്തോവർ

ഏതാണ് വഴിയെന്നറിയാതെ വന്നോർക്ക്
ഏറിയ ഖൈറിനെ വാരിക്കൊടുത്തോവർ

കിബ്റിന്റെ ദോഷങ്ങൾ നന്നായറിഞ്ഞോവർ
കിബ്റിനെ നീക്കുന്ന മാർഗം പറഞ്ഞോവർ

ശൈഖന്മാർ തർബിയത്തല്ലാതെ മറ്റൊന്നും
ശരിയായി കിബ്റിനെ നീക്കില്ല എന്നോവർ

ശറഇന്റെ വിധിയെല്ലാം മുറപോൽ നടത്തേണം
ശരിയായ് ത്വരീഖത്തും നിർബന്ധം എന്നോവർ

മുസ്‌ലിമായ് ജീവിച്ച് നന്നായി മരിച്ചിടാൻ
മുറപോലൊരു ശൈഖിനെ കിട്ടേണം എന്നോവർ

ഈമാനും നന്നായി കാമിലായ് ത്തീരുവാൻ
തർബിയത്തില്ലാതെ പറ്റില്ല എന്നോവർ

ശൈഖിനെ വേണ്ടെന്ന് ചൊല്ലി നടന്നോർക്ക്
ശൈത്താനെ ശൈഖായി കിട്ടും അതെന്നോവർ

സുൽത്താൻറെ സ്വുഹ്ബത്ത് കിട്ടിയോരൊക്കെയും
സകല വിധത്തിലും വിജയം വരിച്ചോവർ

ഓരോ മുരീദിന്നും കിട്ടിയ നേട്ടങ്ങൾ
ഓരോന്നും കേട്ടവർ അജബായി പ്പോയോവർ

അവരുടെ മാർഗത്തിൽ അദബോടെ ചെന്നവർ
അവസാന സാഅത്തിൽ സൗഭാഗ്യം കണ്ടോവർ

എന്റെ മുരീദുകൾ മൗത്തിന്റെ ഹാലത്തിൽ
എന്നുടെ ഹള്റത്തിൽ റാഹത്തിലെന്നോവർ

എന്റെ മുരീദുകൾ മരണസമയത്ത്
ഏറ്റം സന്തോഷത്താൽ ചിരിക്കും അതെന്നോവർ

ആലം അറ്വാഹിൽ ബൈഅത്ത് ചെയ്തോർക്ക്
അതിനെ പുതുക്കുവാൻ സുൽത്താൻ അതെന്നോവർ

ഇത്രയും ദറജകൾ നേടിയ സുൽത്താനെ
ഇട്ടേച്ചെവിടേക്ക് പോകുന്നു ലോകരെ

മുഹ്‌യിദ്ദീൻ ശൈഖിനെ കിട്ടാൻ കൊതിച്ചോരെ
മഹനീയർ സുൽത്താനെ തേടുവിൻ എന്നോവർ

## ഇരവ് 1

ഇശ്ഖ് നിറവോടെ മാല പാടുന്നോർക്ക്
ഏറിയ ഖൈറിനെ ചൊരിയണം യാ അല്ലാഹ്

നമ്മൾക്കും നമ്മുടെ ഉമ്മാക്കും ബാവാക്കും
നിന്നുടെ തൃക്കാഴ്ച്ച നൽകണം യാ അല്ലാഹ്

പുണ്യ റസൂലിലും ആൽ അസ്ഹാബിലും
നിന്റെ സ്വലാത്തും സലാമും ചൊരിക്കല്ലാഹ്

സകല മുസ്വീബത്തും എത്തുന്ന നേരത്ത്
സുൽത്താന്റെ കാവൽ നീ ഏകണം യാ അല്ലാഹ്

കലിമത്തു തൗഹീദ് ഖൽബിലുറപ്പിച്ച്
ഖദമുകൾ നീക്കുവാൻ തൗഫീഖ് നൽകല്ലാഹ്

സൽഗുണർ ശൈഖുനാ സുൽത്താനോടൊത്തുള്ള
സ്വുഹ്ബത്ത് നന്നാക്കിത്തരണം നീ യാ അല്ലാഹ്

ശൈഖിൻ പൊരുത്തത്തിൽ കിട്ടും നസ്വീബുകൾ
ശരിയായിക്കിട്ടുവാൻ കനിയേണം നീ അല്ലാഹ്

ശ്വാസങ്ങളോരോന്നും നിന്നുടെ ദിക്റിലായി
ആശ്വാസത്തോടെ നീ ആക്കണം യാ അല്ലാഹ്

ഈമാനതിനെ നീ കാമിലായ് ത്തന്നിട്ട്
ഇരവ് പകലുകൾ റഹ്മത്തിലാക്കല്ലാഹ്

കിബ്റിനെ നീക്കിയും ഹസദിനെ പോക്കിയും
ഖൽബിനെ പരിശുദ്ധമാക്കണം യാ അല്ലാഹ്

അവസാന സാഅത്ത് മൽഊൻ മുസ്വീബത്ത്
അതിനെയകറ്റി നീ കാക്കണം യാ അല്ലാഹ്

സുൽത്താനുൽ ഔലിയാ മുഹ്യിദ്ദീൻ എന്നോരെ
സ്വുഹ്ബത്തും ഞങ്ങൾക്ക് ഏകണം യാ അല്ലാഹ്

പുണ്യ റസൂലുല്ലാഹ് തങ്ങളോടൊപ്പം നീ
പാവങ്ങൾ ഞങ്ങളെ സ്വർഗ്ഗത്തിലാക്കല്ലാഹ്

## ഇരവ് 2

നാളെയും മൗത്തിലും മുന്നേ ഹയാത്തിലും
നാഇബുസ്സുൽത്താന്റെ കൂട്ടത്തിലാക്കല്ലാഹ്

ഖുത്ബുസ്സമാൻ തന്ന മൗലാ നിസാമുദ്ദീൻ
സുൽത്താന്റെ മേന്മ നീ ഏറ്റം ഉയർത്തല്ലാഹ്

നാസും തടി ജിന്നിൻ ശർറുകളൊക്കെയും
നാഇബിൻ ഹഖാലെ നീക്കണം യാ അല്ലാഹ്

നാഥൻ ലിഖാഇന്നായ് നാളെ വിളിക്കുമ്പോൾ
മാന്യരായ് മൗലാ കൊടിക്കീഴിൽ ആക്കല്ലാഹ്

നാവിനെ സൂക്ഷിച്ച് നേരായി നീങ്ങുവാൻ
നേരങ്ങളൊക്കെയും ഈമാനിലാക്കല്ലാഹ്

കാതിലും കണ്ണിലും ഖൽബിന്റെയുള്ളിലും
കാമിൽ മഹാൻ മാത്രമാക്കണേ യാ അല്ലാഹ്

മൗത്തിന്റെ നാളെത്തും മുമ്പേ ബസ്വീറത്തിൽ
നാഇബുസ്സുൽത്താന്റെ ഹഖാൽ നീ ആക്കല്ലാഹ്

ഖാജാ റസൂലുല്ലാഹ് കൺകൾ കുളിർക്കുന്ന
ദഅ്വത്തിൻ തൗഫീഖും ഞങ്ങളിൽ ഏകല്ലാഹ്

കാലം മുസ്വീബത്തിൻ കൊടുമ നിറക്കുമ്പോൾ
കരുണാ നിസാമുദ്ദീൻ കൈ തന്ന് കാക്കല്ലാഹ്

ഖുത്ബിന്റെ വാക്ക് പുലരുന്ന കാലത്ത്
ഖുദ്റത്ത് കൊണ്ടെന്നെ രക്ഷിക്ക് യാ അല്ലാഹ്

എന്റെ മഹാനോരെ നോട്ടം ലഭിക്കുവാൻ
എല്ലാ ജനങ്ങൾക്കും വാതിൽ തുറക്കല്ലാഹ്

അരുമ നിസാമുദ്ദീൻ സുൽത്താന്റെ തൃപ്പാദം
അതിലായ് സുജൂദാക്കി ചേർക്കണേ യാ അല്ലാഹ്

**സ്വല്ലല്ലാഹ് സുൽത്താന്റെ നൂറിൽ സലാമുള്ളാഹ്**
**സയ്യിദൽ അമ്പിയാ ഖുദ്നാ ബി അയ്ദീനാ**
**റളിയള്ളാഹ് സുൽത്താന്റെ ശൈഖിൽ സവാബള്ളാഹ്**
**ഖുത്ബുസ്സമാനോരെ അദ്രിക്നാ അദ്രിക്നാ**

مرادي يا مرادي يا مرادي
مرادي شاه قدير الله مرادي
و شوقي أنت يا قطب الزمان
وجودي مظهر الله سلطاني

QUTHBUZZAMAN MALA
Published by JEELANI TRUST
Reg.No. 0569/4/06
Quthbuzzaman Jeelani Shareef, Aluva
Eranakulam - 683102 Kerala, India
info.jeelanistudycentre@gmail.com

A Jeelani Trust Publication
[Reprint in December 2022]
Second Edition in August 2023
Price 200/-
All rights reserved to the publisher.
No part of this publication, *Quthbuzzaman Mala*, may be reproduced, stored in a retrival system, or transmitted, in any form or by any means, without the prior permission in writing of the publisher.
Enquiries concerning reproduction should be made officially to the publisher, Jeelani Trust, at the address above.



Quthbuzzaman
JEELANI SHAREEF

NIZAMIA INSTITUTE
FOR ISLAMIC STUDIES AND LIBERAL ARTS

Gateway to Knowledge
NIZAMIA MADRASA

JEELANI TRUST
REG.NO. 0569/4/06 ALUVA
ERANAKULAM - 683102 KERALA, INDIA